നം. ജി4-5047/18.

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.
തീയതി. 19.12.2018.
ഫോൺ നം.0471 2306040.
Email-swdkerala@gmail.com

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് – ഡയറക്ടറേറ്റ് – സായംപ്രഭ ഹോം പദ്ധതി – കെയർ ഗിവറുടെ നിയമനം – വ്യവസ്ഥയിൽ ഇളവ് വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1) 2018 ഡിസംബർ 6, 7 തീയതികളിൽ നടന്ന ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ അവലോകനം യോഗം.

2) സായംപ്രഭ ഹോം പദ്ധതിയുടെ പദ്ധതി രേഖ.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വയോജന പകൽ വീടുകളിൽ നിലവിലുള്ള സൗകര്യങ്ങൾക്ക് പുറമേ കെയർ ഗീവർമാരുടെ സേവനം, യോഗ മെഡിറ്റേഷൻ ക്ലാസ്സുകൾ, കൗൺസിലിംഗ്, വൈദ്യ പരിശോധന, വിനോദോപാധികൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തി അവയെ അപ്ഗ്രേഡ് ചെയ്യുന്ന സായംപ്രഭ ഹോം പദ്ധതിയ്ക്ക് 2017-18 വർഷത്തിൽ തുടക്കം കുറിയ്ക്കുകയും നാളിതുവരെ 82 കേന്ദ്രങ്ങൾക്ക് ഫണ്ട് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഫണ്ട് കൈമാറിയിട്ടുള്ള ഭൂരിഭാഗം കേന്ദ്രങ്ങളിലും കെയർ ഗീവർമാരെ നിയമിച്ചിട്ടില്ലെന്ന് സൂചന (1) യോഗത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അഭിപ്രായപ്പെട്ടിരുന്നു. കെയർ ഗീവർ നിയമനത്തിനുള്ള വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നയാൾ ജെറിയാട്രിക് കെയറിൽ 3 മാസത്തെ പരിശീലനം നേടിയവരായിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നതും വ്യാപകമായ പത്രപ്പരസ്യം നൽകിയിട്ടും ജെറിയാട്രിക് കെയറിൽ പരിശീലനം സിദ്ധിച്ച ആരെയും ലഭ്യമാകാത്തതുമാണ് നിയമനം നടത്താനാവാത്തതെന്നാണ് ജില്ലാ ഓഫീസർമാർ വ്യക്തമാക്കിയിരുന്നത്. ആയതിനാൽ പ്രസ്തുത വ്യവസ്ഥയിൽ ഇളവ് വരുത്താനും അഭ്യർത്ഥിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സായംപ്രഭ ഹോം പദ്ധതി സുഗമമായി നടപ്പാക്കുന്നതിനുവേണ്ടി കെയർ ഗിവർ നിയമനത്തിന് ജെറിയാട്രിക് കെയറിൽ കുറഞ്ഞത് 3 മാസത്തെ പരിശീലനം നേടിയവരായിരിക്കണം എന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു. കെയർ ഗിവർ നിയമനവുമായി ബന്ധപ്പെട്ട് പദ്ധതി രേഖയിലെ മറ്റ് വ്യവസ്ഥകൾ

AN

നിലനിൽക്കുന്നതാണ്. കൂടാതെ സായംപ്രഭ ഹോം പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി മൂന്ന് മാസത്തിലൊരിക്കൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ റിവ്യൂ മീറ്റിംഗുകൾ നടത്തേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

പകർപ്പ്:-

1) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും.
2) പഞ്ചായത്ത് / നഗരകാര്യ ഡയറക്ടർ
3) എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
4) ഡയറക്ടറുടെ സി.എ.
5) സ്റ്റോക്ക് ഫയൽ/സ്പെയർ

AN